**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ ഉൾപ്പെട്ട മുളക്കുഴ, വെണ്മണി ഗ്രാമപഞ്ചായത്തുകളിലും ചെങ്ങന്നൂർ നഗര സഭയിലും ശുദ്ധ ജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനായി മുളക്കുഴ ഗ്രാമപഞ്ചായത്തിലെ കളരിത്തറ ഭാഗത്ത് റീസർവ്വേ ബ്ലോക്ക് നമ്പർ 17-ൽ റീസർവ്വേ നമ്പർ 598/5-ൽ ഉൾപ്പെട്ട 0.0889 ഹെക്ടർ വസ്തു (22 സെന്റ്) മാർക്കറ്റ് വിലയ്ക്ക് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.43/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 16/02/2021

പരാമർശം :-1) 15/01/1992 തീയതിയിലെ ജി.ഒ(എം.എസ്)നമ്പർ 3/92/ഹൗസിംഗ്

2) മുളക്കുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15/02/2017 ലെ യോഗത്തിലെ 1-ാം നമ്പർ തീരുമാനം.

3) 05.05.2017 തീയതിയിലെ ആർസി1/50/2017/ത.സ്വ.ഭ.വ നമ്പർ സർക്കാർ കത്ത്.

4) കേരള വാട്ടർ അതോറിറ്റി പ്രോജക്റ്റ് മാനേജരുടെ 29/01/2019 തീയതിയിലെ PDA/DB1/988/17-18/UINSS നമ്പർ കത്ത്.

5) മുളക്കുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24/2/2020 തീയതിയിലെ 23 (2)നമ്പർ കമ്മിറ്റി തീരുമാനം

6) 02/03/2020, 07/03/2020 തീയതികളിലെ മുളക്കുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ A1-5325/18 നമ്പർ കത്തുകൾ.

**ഉത്തരവ്**

മുളക്കുഴ ഗ്രാമപഞ്ചായത്ത് അക്വയർ ചെയ്ത മുളക്കുഴ വില്ലേജിൽ 1.4375 ഏക്കർ സ്ഥലം കാനഡ ഇൻഡ്യാ വില്ലേജ് പദ്ധതിക്ക് കൈമാറുന്നതിനും പകരം കാനഡ ഇൻഡ്യാ വില്ലേജ് വക 1.4275 ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുന്നതിനും പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് പ്രകാരമുള്ള കൈമാറ്റം നിയമാനുസൃതം രജിസ്റ്റർ ചെയ്ത് റവന്യൂ രേഖകളിൽ ഉടമസ്ഥാവകാശം മാറ്റിയിരുന്നില്ല. എങ്കിലും കാനഡ ഇൻഡ്യാ വില്ലേജ് അധികാരികളും മുളക്കുഴ ഗ്രാമപഞ്ചാത്തും ടി വസ്തു പരസ്പരം കൈമാറ്റം ചെയ്ത് കൈവശംവച്ച് ഉപയോഗിച്ചു വരുന്നു. കാനഡ ഇൻഡ്യാ വില്ലേജ് . ഉടമസ്ഥതയിലുള്ള വസ്തു വെൺമണി, മുളക്കുഴ ഗ്രാമപഞ്ചായത്തുകൾക്കായുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കായി വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിനും പകരം കാനഡ ഇൻഡ്യാ വില്ലേജിന്റെ സ്ഥലം പഞ്ചായത്തിന് കൈമാറുന്നതിനും പരാമർശം(2) പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു. മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ കൈവശമിരിക്കുന്ന വസ്തു വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിന് മുൻപായി, കാനഡ ഇൻഡ്യാ വില്ലേജിന്റെ ഉടമസ്ഥതയിൽ നിന്നും ടി സ്ഥലം രേഖാമൂലം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് പരാമർശം(3) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

(2) എന്നാൽ, ആലപ്പുഴ ജില്ലയിലെ മുളക്കുഴ, വെൺമണി ഗ്രാമപഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനായി മുളക്കുഴ ഗ്രാമപഞ്ചായത്തിലെ കളരിത്തറ ഭാഗത്ത് ശ്രീ.സെനു വർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ള 595/5 റീസർവ്വേ നമ്പറിൽ ഉൾപ്പെട്ട (0.0889 ഹെക്ടർ) 22 സെന്റ് സ്ഥലം വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുവാൻ പരാമർശം(5) പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു. പ്രസ്തുത തീരുമാനം പരാമർശം(6) പ്രകാരം സർക്കാരിനെ അറിയിച്ചു. ശ്രീ.സെനു വർഗ്ഗീസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 22 സെന്റ് സ്ഥലം ഉപരിതല സംഭരണി നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ടെന്ന് പരാമർശം(4) പ്രകാരം കേരളാ വാട്ടർ അതോറിറ്റി പ്രോജക്ട് മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ ഉൾപ്പെട്ട മുളക്കുഴ, വെൺമണി എന്നീ ഗ്രാമപഞ്ചായത്തുകൾക്കും ചെങ്ങന്നൂർ നഗരസഭയ്ക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം മുളക്കുഴ വില്ലേജിലെ റീസർവ്വേ ബ്ലോക്ക് നമ്പർ 17-ൽ റീസർവ്വേ നമ്പർ 598/5-ൽ ഉൾപ്പെട്ട ശ്രീ.സെനു വർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ള 0.0889 ഹെക്ടർ (22 സെന്റ്) ഭൂമിയാണെന്ന് കേരളാ വാട്ടർ അതോറിറ്റി പ്രോജക്ട് മാനേജർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഭൂമി മാർക്കറ്റ് വിലയ്ക്ക് വാങ്ങുന്നതിന് മുളക്കുഴ ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എം.ഡി., കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
സെക്രട്ടറി, മുളക്കുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഭവനനിർമ്മാണ(ബി) വകുപ്പ് (അറിവിലേയ്ക്കായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.LSGD-RC1/58/2020-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ